# അതിജീവനം

സമയം വൈകിട്ട് നാലു മണി.സ്കൂൾബെൽ മുഴങ്ങി.രാജു പതിവുപോലെ ഓട്ടമെന്നോ നടത്തമെന്നോ അറിയാൻ പറ്റാത്ത രീതിയിൽ വീട്ടിലേക്ക്. അവന്റെ ഈ പോക്കിൽ ചില കുട്ടികൾക്ക് കൗതുകവും ചിലർക്ക് കുസൃതിയും തോന്നി. എന്തിനാണിങ്ങനെ പോകുന്നതെന്ന് എത്ര ആലോചിച്ചിട്ടും അവർക്ക് മനസ്സിലായില്ല. അവന് കൂട്ടുകാർ ആരും തന്നെ ഇല്ലായിരുന്നു. ചിലർ പറഞ്ഞു: അവൻ വലിയ പഠിപ്പുകാരനല്ലെ, ചിലപ്പോൾ പഠിക്കാൻ വേണ്ടിയായിരിക്കും. ഏയ് അതൊന്നുമല്ല നമ്മളോട് കൂട്ടുകൂടാൻ അവന് കുറച്ചിലാ. ഇവന് ഒരു പണി കൊടുക്കണം അവർ തീരുമാനിച്ചു.

അങ്ങനെ ഒരു ദിവസം വൈകുന്നേരം വീട്ടിലേക്ക് പോകുന്ന രാജുവിന്റെ കാലുകളിൽ അവർ ആഞ്ഞു തട്ടി. അവൻ മുട്ടുകുത്തി നിലത്തു വീണു. കാലുകളിൽ നിന്ന് രക്തം ഒഴുകുന്നുണ്ടായിരുന്നു. രാജു വേദനകൊണ്ട് പുളഞ്ഞു. തെറിച്ചു പോയ ബാഗ് എടുത്ത് പതുക്കെ പതുക്കെ വീട്ടിലേക്ക് പോയി. ആരോടും ഒന്നും പറഞ്ഞില്ല.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞിട്ടും അവനെ കാണാത്തതിനാൽ രവിമാഷ് വീട്ടിലേക്ക് ചെന്നു. തീരെ മോശമായ ഒരു കുടിൽ.അതിൽ വളരെ പ്രായം ചെന്ന ഒരു സ്ത്രീ. അത് അവന്റെ മുത്തശ്ശിയായിരുന്നു. അവർക്ക് മുൻപിൽ കുറച്ച് പലഹാരങ്ങൾ കുട്ടയിൽ വച്ചിരിക്കുന്നു.

മാഷ് മുത്തശ്ശിയോട് കാര്യം തിരക്കി.ഞങ്ങൾ വളരെ പാവങ്ങളാണ്. ഇങ്ങനെയൊന്നും എന്റെ കുഞ്ഞിനോട് ചെയ്യരുതെന്ന് കുട്ടികളോട് പറയണം. ഞാനുണ്ടാക്കുന്ന ഈ പലഹാരങ്ങൾ രാജു കൊണ്ടുപോയി വിറ്റാണ് ഞങ്ങൾ ജീവിക്കുന്നത്. അവന് പരിക്ക് പറ്റിയതിനാൽ  എങ്ങും പോകാൻ കഴിഞ്ഞില്ല. മുത്തശ്ശി വിതുമ്പികൊണ്ട് പറഞ്ഞു. അവൻ അല്പം അരി വാങ്ങാൻ അടുത്ത വീട്ടിൽ പോയിരിക്കുകയാണെന്നും ഇപ്പോൾ വരുമെന്നും പറഞ്ഞു.

കുറച്ചു സമയം കഴിഞ്ഞപ്പോൾ വീട്ടിലേക്ക് എത്തിയ രാജുവിന് മാഷിനെ കണ്ടപ്പോൾ സന്തോഷമായി. അവൻ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു.

മോൻ നാളെ മുതൽ ക്ലാസിൽ വരണം കേട്ടോ. മറ്റുള്ളവരുടെ ജീവിതത്തിലെ പ്രശ്നങ്ങളും ആവലാതികളും എല്ലാവർക്കും മനസിലായെന്ന് വരില്ല. എന്നെങ്കിലും അവർ നിന്നെക്കുറിച്ച് മനസിലാക്കും. ആ കുറ്റബോധം ഒരു പാഠമാകട്ടെ. മാഷ് കുറച്ച് രൂപയെടുത്ത് അവന് നേരെ നീട്ടി. എന്തെങ്കിലും അത്യാവശ്യ സാധനങ്ങൾ കടയിൽ നിന്നും വാങ്ങിക്കൂ.വേണ്ട മാഷേ, വളരെയധികം സന്തോഷമുണ്ട്. എനിക്കു സുഖമായാൽ തീരാവുന്ന പ്രശ്നമേയുള്ളു. പിന്നെ അവരോട് എന്നെ ഉപദ്രവിച്ചതിൽ എനിക്ക് ദേഷ്യമില്ല എന്നും പറയണെ.

അവന്റെ മനസ്സിന്റെ ആഴവും  ദൃഢനിശ്ചയവും കണ്ട് മാഷിന്റെ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം ഒന്നും പറയാതെ അവനെ അനുഗ്രഹിച്ചു അവിടെ നിന്നും പോയി.

തീർത്ഥ കിഷോർ

VI C

എച്ച്.ജി.സി.എച്ച്.എസ്

തോട്ടക്കാട്ടുകര